**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3206** **07-10-2025 - ൽ മറുപടിയ്ക്ക്**

**കേരള സ്പോർട്സ് കൗൺസിലിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പൈക്ക, ഖേൽ അഭിയാൻ, ഖേലോ ഇന്ത്യ എന്നീ കായിക പദ്ധതികളുമായി ബന്ധപ്പെട്ട് കേരള സ്പോർട്സ് കൗൺസിലിന് അനുവദിച്ച കേന്ദ്ര, സംസ്ഥാന ഫണ്ടിൽ ക്രമക്കേട് നടത്തിയത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതി മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും കായിക വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | പൈക്ക കായിക പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും ലഭ്യമായ പരാതി കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിക്കുകയും ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനു കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതി സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്നറിയിക്കുമോ; | (ബി) | പൈക്ക കായിക പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും ലഭ്യമായ പരാതി കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിക്കുകയും ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനു കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ആരോപണ വിധേയമായ സ്ഥാപനത്തിന്റെ സെക്രട്ടറിയെതന്നെ പ്രസ്തുത വകുപ്പുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ